ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/23914/റ്റിസി/2012

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 16.01.2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — സ്റ്റേജ് കാര്യേജുകളിൽ ബാറ്ററി പാസഞ്ചർ കമ്പാർട്ട്മെന്റിൽ സൂക്ഷിക്കുന്നത് — സംബന്ധിച്ച്

സൂചന :- മുഖ്യമന്ത്രിയുടെ പരാതി സെല്ലിൽ നിന്നുമുള്ള ശ്രീ. ഷൗഫർ നവാസിന്റെ 09.09.2012 തീയതിയിലെ നിവേദനം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരമുള്ള പരാതിയിൽ ശ്രീ. ഷൗഫർ നവാസ് പരാതിപ്പെടുന്നതെന്തെന്നാൽ സ്വകാര്യ ബസുകളിൽ കേരള മോട്ടോർ വാഹന ചട്ടം 287 (എ) യ്ക്ക് വിരുദ്ധമായി ബാറ്ററി പാസഞ്ചർ കമ്പാർട്ട്മെന്റിൽ സൂക്ഷിക്കുന്നു എന്നാണ്. അതിനു മുകളിൽ ബസ് ഉടമകൾ സീറ്റുകൾ ഘടിപ്പിച്ച് യാത്രക്കാരെ ഇരുത്തുന്നു എന്നും അദ്ദേഹം ചൂണ്ടികാണിക്കുന്നു. ഈ പ്രവണത അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്ന ഒന്നാണ്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 287(എ) പ്രകാരം പാസഞ്ചർ കമ്പാർട്ട്മെന്റ് ഒഴികെയുള്ള ഏതെങ്കിലും അനുയോജ്യമായ പ്രദേശങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ ബോക്സിൽ മാത്രമേ ബാറ്ററികൾ സൂക്ഷിക്കുവാൻ പാടുള്ളു. മേൽ പ്രസ്താവിച്ച ചട്ടത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്റ്റേജ് കാര്യേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ ക്രോഡീകൃത റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട് 18/1/013

18/1/13